**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3002** **25-10-2021 - ൽ മറുപടിയ്ക്ക്**

**ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗവും ആർക്കിടെക്ച്ചർ വിഭാഗവും സ്വീകരിച്ച നപടികൾ വിശദമാക്കുമോ; | (എ) | ചാരുംമൂട് സിവിൽ സ്റ്റേഷനു വേണ്ടിയുള്ള സ്ഥലം വാസ്തുശില്പവിഭാഗത്തിലെ ഡെപ്യൂട്ടി ആർക്കിടെക്ട് 05.08.21-ൽ സന്ദർശിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് കൂടി കടന്നു പോകുന്ന ഒരു സ്വകാര്യ വ്യക്തിയുടെ വഴി തർക്കവുമായി ബന്ധപ്പെട്ട് പരിഷ്ക്കരിച്ച സൈറ്റ് പ്ലാൻ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിട രൂപകല്പനയിൽ ഉൾക്കൊള്ളിക്കേണ്ട ഓഫീസുകളുടെ വിശദാംശങ്ങളും തഹസിൽദാരിൽ നിന്നും കെട്ടിടവിഭാഗം ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ സൈറ്റ് പ്ലാനും, ഓഫീസ് വിശദാംശങ്ങളും തഹസിൽദാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വാസ്തുശില്പവിഭാഗത്തിൽ നിന്ന് ലഭിക്കുന്ന കെട്ടിട രൂപകൽപനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | ചാരുംമൂട് സിവിൽ സ്റ്റേഷനു വേണ്ടിയുള്ള സ്ഥലം വാസ്തുശില്പവിഭാഗത്തിലെ ഡെപ്യൂട്ടി ആർക്കിടെക്ട് 05.08.21-ൽ സന്ദർശിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് കൂടി കടന്നു പോകുന്ന ഒരു സ്വകാര്യ വ്യക്തിയുടെ വഴി തർക്കവുമായി ബന്ധപ്പെട്ട് പരിഷ്ക്കരിച്ച സൈറ്റ് പ്ലാൻ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിട രൂപകല്പനയിൽ ഉൾക്കൊള്ളിക്കേണ്ട ഓഫീസുകളുടെ വിശദാംശങ്ങളും തഹസിൽദാരിൽ നിന്നും കെട്ടിടവിഭാഗം ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ സൈറ്റ് പ്ലാനും, ഓഫീസ് വിശദാംശങ്ങളും തഹസിൽദാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വാസ്തുശില്പവിഭാഗത്തിൽ നിന്ന് ലഭിക്കുന്ന കെട്ടിട രൂപകൽപനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ